## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4791** **23.07.2015-ൽ മറുപടിയ്ക്ക്**

### പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഭൂമി ലഭ്യമായിട്ടുണ്ട്. 216/ബി2 എന്ന സർവ്വെ നമ്പരിൽ കാസർഗോഡ് താലൂക്ക് ബേഡഡുക്ക വില്ലേജിലെ ഒരേക്കർ ഭൂമിയാണ് ലഭ്യമായിട്ടുള്ളത്. |
| ബി) | വകുപ്പിന് ഭൂമി ലഭ്യമായിട്ട് എത്ര വർഷമായി; പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) & സി) | ഭൂമി ലഭ്യമായി, കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അസി.എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ്, കാസർഗോഡ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് തയ്യാറായി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ